പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 994

30.06.2015-ലെ മറുപടിയ്ക്ക്

## പെരുന്തേനരുവി, മണിയാർ ടൂറിസംപദ്ധതികളുടെ പ്രവർത്തന പുരോഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ.എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) റാന്നി മണ്ഡലത്തിലെ ടൂറിസം പദ്ധതികളായ പെരുന്തേനരുവി, മണിയാർ എന്നിവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ; ഈ പദ്ധതികൾക്കായി അനുവദിച്ച തുക എത്ര വീതമാണ്; ഏത് ഏജൻസിക്കാണ് നിർമ്മാണച്ചുമതല; | (എ) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ട പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് ഒന്നും രണ്ടും ഘട്ടങ്ങളിലായി യഥാക്രമം 97,12,800/-രൂപയുടെയും 75,85,000/-രൂപയുടെയും ഭരണാനുമതി നല്കിയിട്ടുണ്ട്. മണിയാർ ടൂറിസം പദ്ധതിയിൽ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. മണിയാർ ടൂറിസം പദ്ധതിയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സിഡ്കോയാണ് നിർമ്മാണച്ചുമതല നിർവ്വഹിക്കുന്നത്. |
| (ബി) എന്തൊക്കെ നിർമ്മാണങ്ങളാണ് ഇതേവരെ പൂർത്തീകരിച്ചിട്ടുള്ളത്; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഓരോ പദ്ധതിയിലും വിഭാവനം ചെയ്തിരുന്നത്; നിർമ്മാണം | (ബി) പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ ഒന്നും രണ്ടും ഘട്ടമായി 4 കോട്ടേജുകൾ. ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ് ടോയ്ലറ്റ്, റെസ്റ്റോറന്റ്, പാർക്കിംഗ്. നടപ്പാത, ലാന്റ് സ്കേപ്പിംഗ് എന്നിവ |

തടസപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ കോട്ടേജുകൾ, ഫെസിലിറ്റേഷൻ സെന്റർ, ലൈറ്റിംഗ്. പാർക്കിംഗ്. സ്നാക്ക് ബാർ. പവലിയൻ. ലാന്റ് സ്കേപ്പിംഗ് തുടങ്ങിയ വർക്കുകളാണ് വിഭാവനം ചെയ്തിരുന്നത്. നിർവഹണ ഏജൻസിയായ സിഡ്കോയുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചമൂലമാണ് പദ്ധതി തടസ്സപ്പെട്ടിരിക്കുന്നത്. പദ്ധതി എത്രയും വേഗം പുനരാരംഭിക്കണമെന്ന് സിഡ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

മണിയാർ ടൂറിസം പദ്ധതിയുടെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ലാന്റ് സ്കേപ്പ്, ടോയ്ലറ്റ് ബ്ലോക്ക്, പവലിയൻ എന്നിവ പൂർത്തീകരിച്ചു. ഈ പദ്ധതിയിൽ ലാന്റ് സ്കേപ്പിംഗ്, പാർക്കിംഗ് യാർഡ്. പവലിയൻ, സൈനേജ്, ബോട്ടിംഗ് യാർഡ്, പവലിയൻ, നടപ്പാത. ഫുഡ് കോർട്ട്, ആംഫി തീയറ്റർ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ബാരേജ് നവീകരണം, ക്വാർട്ടേഴ്സിന്റെ ലാന്റ് സ്കേപ്പിംഗ്, സസ്പെൻഷൻ ബ്രിഡ്ജ്. എൻട്രൻസ് ഗേറ്റ്, ടോയ്ലറ്റ്, ബീച്ച്. കുട്ടികളുടെ കളിസ്ഥലം, യൂട്ടിലിറ്റി ഷോപ്പ്. അക്വേറിയം തുടങ്ങിയവ ഉൾപ്പെടുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. വൈദ്യുതിയും ജലവും ജലസേചന വകുപ്പിൽ നിന്ന് ലഭ്യമാക്കുന്ന മുറയ്ക്ക് വർക്കുകൾ

| | | |
|---|---|---|
| | | പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പദ്ധതികൾ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) പെരുന്തേനരുവി ടൂറിസം പദ്ധതിയുടെ മൂന്നാം ഘട്ട നിർമ്മാണത്തിനായുള്ള പദ്ധതി സർക്കാർ സ്ഥാപനമായ കെ ഇ എൽ തയ്യാറാക്കി നൽകുന്ന മുറക്ക് പദ്ധതിയുടെ മറ്റ് പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്.<br>മണിയാർ ടൂറിസം പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ